(ബി) ഉണ്ട്. സെന്ററുകളുടെ സ്ഥലപരിമിതി, ലൈബ്രറികളുടേയും ലാബോറട്ടറികളുടേയും അപര്യാപ്തത, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ഇല്ലാതിരിക്കുക എന്നീ കാരണങ്ങളാലാണ് ഇവരുടെ അംഗീകാരം നിഷേധിക്കപ്പെട്ടത്.

(സി) എൻ. സി. ടി. ഇ. അധികാരികളുമായി സർക്കാർ പ്രതിനിധി ഇക്കാര്യം ചർച്ചചെയ്യുകയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 എന്ന നിർദ്ദേശം പാലിക്കാത്ത ഒറ്റക്കാരണത്താൽ അംഗീകാരം പിൻവലിക്കുന്നതല്ലെന്ന് എൻ. സി. ടി. ഇ. ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു നിബന്ധനകൾ പാലിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിന് സർവ്വകലാശാലകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടാമ്പി സംസ്കൃതകോളേജ്

49 (3690) ശ്രീ. വി. കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും, മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പട്ടാമ്പി നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിൽ നിന്നും പ്രീഡിഗ്രി സംസ്കൃതം (ഗ്രൂപ്പ് 4) എടുത്തു മാറ്റുന്നുണ്ടോ ;

(ബി) പട്ടാമ്പി സംസ്കൃത കോളേജിന് അടുത്ത് പട്ടാമ്പി, തൃത്താല, കുന്നംകുളം, ചെർപ്പുളശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ വരുന്ന ഏതൊക്കെ സ്കൂളുകളിലാണ് സംസ്കൃതം പ്രധാന വിഷയമായി വരുന്ന പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രദേശങ്ങളിലൊന്നും തന്നെ പ്ലസ്ടു തലത്തിൽ സംസ്കൃതം ഐച്ഛിക വിഷയമായി വരുന്ന പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സാഹചര്യത്തിൽ പ്രീഡിഗ്രി - സംസ്കൃതം (ഗ്രൂപ്പ് 4) കോളേജുകളിൽ തന്നെ നിലനിർത്താൻ ആലോചിക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രി പൂർണ്ണമായും കോളേജുകളിൽ നിന്നും എടുത്തു മാറ്റുന്നതോടെ പട്ടാമ്പി സംസ്കൃത കോളേജിലെയും പ്രീഡിഗ്രി ഗ്രൂപ്പ് മാറ്റേണ്ടതായി വരും.

(ബി & സി) സംസ്കൃതം പ്രധാനവിഷയമായി വരുന്ന പ്ലസ്ടു ഗ്രൂപ്പ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്പോൾ ആരംഭിച്ചിട്ടില്ല.

(ഡി) പ്രീഡിഗ്രി പൂർണ്ണമായും കോളേജുകളിൽ നിന്ന് വേർപ്പെടുത്തുമ്പോൾ പ്രീഡിഗ്രി സംസ്കൃതം (ഗ്രൂപ്പ് 4) കോളേജിൽ നിലനിർത്തുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly